ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 21.11.2024**

## പ്രധാനവാർത്തകൾ

1). **ഗയാനയുടെ പരമോന്നത ദേശീയ ബഹുമതിയായ ഓർഡർ ഓഫ് എക്സലൻസ് പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് സമ്മാനിച്ചു.**

2). **വയനാട് ലോക് സഭാ മണ്ഡലത്തിലും ചേലക്കര, പാലക്കാട് നിയമസഭാ മണ്ഡലങ്ങളിലും മറ്റന്നാൾ വോട്ടെണ്ണൽ.**

3). **ഭരണഘടന വിരുദ്ധ പരാമർശം നടത്തിയെന്ന കേസിൽ മന്ത്രി സജി ചെറിയാനെതിരെ ഡിജിപിയുടെ മേൽനോട്ടത്തിൽ തുടർ അന്വേഷണത്തിന് ഹൈക്കോടതി ഉത്തരവിട്ടു.**

RNU/TVPM

4). **മനുഷ്യ-വന്യജീവി പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുന്നതിനായി നടപടികൾ സ്വീകരിച്ചു വരുന്നതായി മന്ത്രി എ.കെ ശശീന്ദ്രൻ.**

5). **പാർലമെൻറ് സമ്മേളനം ആരംഭിക്കുന്നതിന് മുന്നോടിയായി മുഖ്യമന്ത്രി പിണറായി വിജയൻറെ നേതൃത്വത്തിൽ ചേരുന്ന സംസ്ഥാനത്ത് നിന്നുള്ള എം. പിമാരുടെ യോഗം തിരുവനന്തപുരത്ത് പുരോഗമിക്കുന്നു.**

6). **ബോർഡർ-ഗവാസ്കർ ട്രോഫി ക്രിക്കറ്റിന് നാളെ ഓസ്ട്രേലിയയിലെ പെർത്തിൽ തുടക്കമാകും.**

************************************

## പ്രധാനമന്ത്രി

ഗയാനയുടെ പരമോന്നത ദേശീയ പുരസ്കാരമായ ഓർഡർ ഓഫ് എക്സലൻസ് സ്വീകരിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി. ഗയാനയിലെ സ്റ്റേറ്റ് ഹൗസിൽ നടന്ന ചടങ്ങിൽ ഗയാന പ്രസിഡന്റ് ഡോ. മുഹമ്മദ് ഇർഫാൻ അലി പ്രധാനമന്ത്രിക്ക് പുരസ്കാരം സമ്മാനിച്ചു. ശ്രീ മോദി ഗയാന പാർലമെന്റിനെ ഇന്ന് അഭിസംബോധന ചെയ്യും. ഗയാനയിലെയും കരീബിയൻ മേഖലയിലെയും പ്രമുഖ ക്രിക്കറ്റ് താരങ്ങളുമായും അദ്ദേഹം ആശയവിനിമയം നടത്തും. ഇന്ത്യൻ പ്രവാസി സമൂഹത്തെയും പ്രധാനമന്ത്രി അഭിസംബോധന ചെയ്യും. വിവിധ മേഖലകളിയായി ഇന്ത്യയും ഗയാനയും തമ്മിൽ ഇന്നലെ 10 കരാറുകളിലും ഒപ്പുവെച്ചിരുന്നു. ഗയാനയിൽ നടന്ന രണ്ടാം ഇന്ത്യ - കാരികോം ഉച്ചകോടിയിലും പ്രധാനമന്ത്രി പങ്കെടുത്തു. ഡൊമിനിക്കയുടെ പരമോന്നത ബഹുമതിയും പ്രധാനമന്ത്രിക്ക് സമ്മാനിച്ചിരുന്നു.

**********************************

## തിരഞ്ഞെടുപ്പ് വോട്ടെണ്ണൽ

RNUTVPM

കേരളത്തിൽ വയനാട് ലോക് സഭാ മണ്ഡലത്തിലും ചേലക്കര, പാലക്കാട് നിയമസഭാ മണ്ഡലങ്ങളിലും നടന്ന ഉപതിരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽ മറ്റന്നാൾ നടക്കും. ശനിയാഴ്ച രാവിലെ എട്ടിന് വോട്ടെണ്ണൽ ആരംഭിക്കും. ഇലക്ട്രോണിക് വോട്ടിങ് യന്ത്രത്തിൽ നിന്ന് വോട്ടുകൾ എണ്ണിത്തുടങ്ങി മിനിറ്റുകൾക്കുള്ളിൽ ആദ്യ ഫലസൂചന പുറത്തുവരും. വയനാട്ടിലും ചേലക്കരയിലും ഈ മാസം 13-നായിരുന്നു വോട്ടെടുപ്പ്. കൽപ്പാത്തി രഥോത്സവത്തിൻറെ പശ്ചാത്തലത്തിൽ മാറ്റിവച്ച പാലക്കാട് ഉപതിരഞ്ഞെടുപ്പിൻറെ വോട്ടെടുപ്പ് ഇന്നലെയാണ് നടന്നത്. വയനാട്ടും പാലക്കാട്ടും യു.ഡി.എഫിൻറെയും ചേലക്കര എൽ.ഡി.എഫിൻറെയും സിറ്റിങ്

സീറ്റാണ്. മഹാരാഷ്ട്ര, ഝാർഖണ്ഡ് നിയമസഭാ മണ്ഡലങ്ങളിലേയും ഉപതെരഞ്ഞടുപ്പ് നടന്ന മറ്റ് ഇടങ്ങളിലേയും ഫലവും മറ്റന്നാൾ പുറത്തുവരും.

***********************************

**പാലക്കാട് - പ്രതികരണം**

ഇന്നലെ ഉപതിരഞ്ഞെടുപ്പ് നടന്ന പാലക്കാട് നിയമസഭാ മണ്ഡലത്തിൽ മൂന്ന് മുന്നണികളുടെയും സ്ഥാനാർത്ഥികൾ വിജയപ്രതീക്ഷയിൽ. അയ്യായിരത്തിലധികം വോട്ടുകളുടെ ഭൂരിപക്ഷത്തിൽ വിജയിക്കുമെന്ന് എൻ.ഡി.എ സ്ഥാനാർത്ഥി സി കൃഷ്ണകുമാർ മാധ്യമങ്ങളോട് പ്രതികരിച്ചു. അതേസമയം, യു.ഡി.എഫ് വോട്ടുകളിൽ കുറവുണ്ടാകില്ലെന്നും വിജയം സുനിശ്ചിതമാണെന്നും യു.ഡി.എഫ് സ്ഥാനാർത്ഥി രാഹുൽ മാങ്കൂട്ടത്തിൽ അഭിപ്രായപ്പെട്ടു. എൽ.ഡി.എഫിൻറെ വോട്ടുകൾ പൂർണ്ണമായി പോൾ ചെയ്തിട്ടുണ്ടെന്നും മികച്ച ഭൂരിപക്ഷത്തിൽ ജയിക്കുമെന്നും എൽ.ഡി.എഫ് സ്വതന്ത്ര സ്ഥാനാർത്ഥി പി സരിൻ പറഞ്ഞു.

***********************************

**സജി ചെറിയാൻ - ഹൈക്കോടതി**

മന്ത്രി സജി ചെറിയാനെതിരെ ആരോപണം ഉയർന്ന ഭരണഘടന വിരുദ്ധ പരാമർശങ്ങൾ അടങ്ങിയ 2022 ലെ പ്രസംഗം സംബന്ധിച്ച് ഡിജിപിയുടെ മേൽനോട്ടത്തിൽ തുടർ അന്വേഷണത്തിന് ഹൈക്കോടതി ഉത്തരവിട്ടു. ഇക്കാര്യത്തിൽ അന്വേഷണ ഉദ്യോഗസ്ഥൻ തിരുവല്ല കോടതിയിൽ സമർപ്പിച്ച അന്വേഷണ റിപ്പോർട്ട് ഹൈക്കോടതി തള്ളി. സജി ചെറിയാന്റെ ശബ്ദ സാമ്പിളിന്റെയും പ്രസംഗത്തിന്റെയും ഫോറൻസിക് പരിശോധന ഫലം പുറത്തുവരുന്നതിനു മുൻപ് തന്നെ റിപ്പോർട്ട് സമർപ്പിച്ച അന്വേഷണ ഉദ്യോഗസ്ഥന്റെ നടപടിയെ ചോദ്യം ചെയ്ത്

RNU TVPM

അഭിഭാഷകനായ ബൈജു നോയൽ സമർപ്പിച്ച ഹർജിയിലാണ് ജസ്റ്റിസ് ബെച്ചു കുര്യൻ തോമസിന്റെ ഉത്തരവ്. 2022 ജൂലൈ മൂന്നിന് പത്തനംതിട്ട മല്ലപ്പള്ളിയിലാണ് കേസിന് ആസ്പദമായ പ്രസംഗം നടന്നത്. ഇതേ തുടർന്ന് രാജിവച്ച അദ്ദേഹം ഭരണഘടനാ ലംഘനത്തിന് തെളിവില്ലെന്ന പോലീസ് റിപ്പോർട്ടിനെ തുടർന്ന് മജിസ്ട്രേറ്റ് കോടതി കുറ്റവിമുക്തനാക്കിയപ്പോൾ മന്ത്രിസ്ഥാനത്ത് തിരിച്ചെത്തുകയായിരുന്നു.

**********************************

## സജി ചെറിയാൻ

താൻ കുറ്റക്കാരനാണെന്ന് കോടതി പറഞ്ഞിട്ടില്ലെന്നും നിയമപരമായ തുടർനടപടി സ്വീകരിക്കാൻ അവകാശമുണ്ടെന്നും മന്ത്രി സജി ചെറിയാൻ പ്രതികരിച്ചു. കോടതി തന്റെ ഭാഗം കേട്ടിട്ടില്ല. ഇപ്പോൾ വന്നത് അന്തിമവിധിയല്ല. കൂടുതൽ അന്വേഷണം നടത്തണമെന്ന് മാത്രമേ പറഞ്ഞിട്ടുള്ളൂ എന്നും മന്ത്രി പറഞ്ഞു.

RNU TVPM

**********************************

## വി.ഡി സതീശൻ- സജി ചെറിയാൻ

സജി ചെറിയാനെ മന്ത്രിസഭയിൽ തിരിച്ചെടുത്ത നടപടി തെറ്റായിരുന്നു എന്നാണ് ഹൈക്കോടതി വിധിയിലൂടെ വ്യക്തമായതെന്ന് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ പ്രതികരിച്ചു. മന്ത്രി സ്ഥാനത്തു നിന്ന് സജി ചെറിയാൻ ഉടൻ രാജിവയ്ക്കണമെന്നും പ്രതിപക്ഷ നേതാവ് ആവശ്യപ്പെട്ടു. സജി ചെറിയാന് അധികാരത്തിൽ തുടരാൻ അർഹതയില്ലെന്നും അദ്ദേഹം മന്ത്രിസ്ഥാനം രാജിവയ്ക്കണമെന്നും ബിജെപി സംസ്ഥാന അധ്യക്ഷൻ കെ സുരേന്ദ്രൻ ആവശ്യപ്പെട്ടു.

*********************************

**ലോക മത്സ്യബന്ധന ദിനം**

ഇന്ന് ലോക മത്സ്യബന്ധന ദിനം. സുസ്ഥിര മൽസ്യ ബന്ധന രീതികളുടെ പ്രാധാന്യവും ആഗോള സമ്പത്ത് വ്യവസ്ഥയിൽ മത്സ്യബന്ധനത്തിന്റെ പങ്കും ഉയർത്തികാട്ടുന്നതിനായാണ് വർഷം തോറും നവംബർ 21 ലോക മത്സ്യബന്ധന ദിനമായി ആചരിക്കുന്നത്. ഇന്ത്യൻ മത്സ്യബന്ധന മേഖലയുടെ പരിവർത്തനം: ചെറുകിട- സുസ്ഥിര മത്സ്യബന്ധനം പ്രോത്സാഹിപ്പിക്കുക എന്നതാണ് ഈ വർഷത്തെ പ്രമേയം.

*********************************

**കൊല്ലം - മറൈൻ ജില്ല**

ലോക ഫിഷറീസ് ദിനത്തോടനുബന്ധിച്ച് കേന്ദ്ര ഫിഷറീസ് മന്ത്രാലയം ഏർപ്പെടുത്തിയ ഏറ്റവും മികച്ച മറൈൻ ജില്ലയ്ക്കുള്ള പുരസ്കാരം നേട്ടത്തിലാണ് കൊല്ലം ജില്ല. മത്സ്യബന്ധന മേഖലയിലെ മാതൃകാപരമായ പ്രവർത്തനങ്ങളാണ് ജില്ലയെ അവാർഡിന് അർഹമാക്കിയത്.

RIJU TVPM

**ആകാശവാണി കൊല്ലം ജില്ലാ പ്രതിനിധി നീരജ് ലാൽ തയ്യാറാക്കിയ റിപ്പോർട്ട്.....**

**(വോയിസ്.......)**

*********************************

**എം.പി മാർ യോഗം**

സംസ്ഥാനത്ത് നിന്നുള്ള എം. പിമാരുടെ യോഗം തിരുവനന്തപുരം തൈക്കാട് ഗസ്റ്റ് ഹൗസിൽ പുരോഗമിക്കുന്നു. ഈ മാസം 25-ന് പാർലമെൻറ് സമ്മേളനം ആരംഭിക്കുന്നതിന് മുന്നോടിയായാണ് മുഖ്യമന്ത്രി പിണറായി വിജയൻ യോഗം വിളിച്ചത്. കേരളത്തിൻറെ ആവശ്യങ്ങൾ നേടിയെടുക്കാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തണമെന്ന് മുഖ്യമന്ത്രി

എംപിമാരോട് ആവശ്യപ്പെട്ടു. ശബരി റെയിൽപാത അടക്കമുള്ള ആവശ്യങ്ങളും ചർച്ചയാകും.

**********************************

## എ.കെ ശശീന്ദ്രൻ

മനുഷ്യ - വന്യജീവി പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുന്നതിനായി പുതിയ നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നതായി മന്ത്രി എ.കെ ശശീന്ദ്രൻ. പൊതുജന പങ്കാളിത്തത്തോടെ, **മിഷൻ ഫെൻസിംഗ് 2024** എന്ന പേരിൽ തീവ്രയജ്ഞ പരിപാടി രൂപം നൽകിയതായും മന്ത്രി പറഞ്ഞു. നൂതന സാങ്കേതിക വിദ്യയുടെ സഹായത്തോടെ പരിഹാരങ്ങൾ കണ്ടെത്തുന്നത് വനം വകുപ്പ് സംഘടിപ്പിക്കുന്ന സേഫ്-ഹാബിറ്റാറ്റ് ഹാക്കത്തൺ പരിപാടിയുടെ ഉദ്ഘാടനം തിരുവനന്തപുരത്ത് നിർവഹിക്കുകയായിരുന്നു മന്ത്രി. കെ-ഡിസ്കിന്റെ നേതൃത്വത്തിൽ സേഫ് ഹാബിറ്റാറ്റ് ഹാക്ക് എന്ന പുതിയ ആപ്പും മന്ത്രി പുറത്തിറക്കി.

**********************************

## സി.ബി.എസ്.ഇ

സി.ബി.എസ്.ഇ 10, 12 ക്ലാസ് പരീക്ഷാതീയതി പ്രഖ്യാപിച്ചു. ഫെബ്രുവരി 15 മുതലാണ് പരീക്ഷകൾ ആരംഭിക്കുക. പത്താം ക്ലാസ് പരീക്ഷകൾ മാർച്ച് 18-നും പന്ത്രണ്ടാം ക്ലാസ് പരീക്ഷകൾ ഏപ്രിൽ നാലിനും അവസാനിക്കുമെന്നും സി.ബി.എസ്.ഇ അറിയിച്ചു.

**********************************

## പക്ഷിനിരീക്ഷണം , കണ്ണൂർ - (ഇൻട്രോ)

ദേശാടന പക്ഷികളെ ഉൾപ്പടെ നിരീക്ഷിക്കുന്നതിനായി വടക്കൻ കേരളത്തിലെ വിവിധ ഇടങ്ങളിലായി നടത്തിയ സർവ്വെ

RNU TVPM

പൂർത്തിയായി. പക്ഷിശാസ്ത്രജ്ഞൻ ഡോ. സാലിം അലിയുടെ 128-ാം ജന്മദിനത്തോടനുബന്ധിച്ചായിരുന്നു പക്ഷിനിരീക്ഷണം.

**വിശദാംശങ്ങളുമായി ആകാശവാണി**

**കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ..**

**(വോയിസ്........)**

**********************************

**<u>ഇടുക്കി-ഏലയ്ക്ക - (ഇൻട്രോ)</u>**

ഏലക്കാ വിപണിയിൽ ഉണ്ടായിട്ടുള്ള വില വർധനവ് കാർഷിക മേഖലക്ക് പ്രതീക്ഷ നൽകുന്നു. കഴിഞ്ഞ കുറച്ച് ദിവസങ്ങളായി തുടർച്ചയായി വിപണിയിൽ ഏലക്കായ്ക്ക് വില വർധിച്ചിട്ടുണ്ട്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ...**

**(വോയിസ്........)**

**********************************

**<u>അന്തരിച്ചു</u>**

ചലചിത്ര താരം മേഘനാഥൻ അന്തരിച്ചു.

പുലർച്ചെ കോഴിക്കോട് സ്വകാര്യ ആശുപതിയിലായി രുന്നു അന്ത്യം. ഏറെ നാളായി ചികിൽസയിലായിരുന്നു. സംസ്ക്കാരം ഷൊർണ്ണൂരിലെ വീട്ടുവളപ്പിൽ നടക്കും.

നടൻ ബാലൻ കെ നായരുടെ മകനാണ്. 1983-ൽ അസ്ത്രം എന്ന മലയാള ചിത്രത്തിലൂടെയായിരുന്നു അരങ്ങേറ്റം. പഞ്ചാഗ്നി , ചെങ്കോൽ, ചമയം തുടങ്ങിയ നിരവധി ചിത്രങ്ങളിലും ടെലിസീരിയലികളിലും വേഷമിട്ടു. കൂമൻ എന്ന ചിത്രത്തിലാണ് അവസാനമായി അഭിനയിച്ചത്. മേഘനാഥൻറെ നിര്യാണത്തിൽ മന്ത്രി സജി ചെറിയാൻ അനുശോചനം രേഖപ്പെടുത്തി.

**********************************

RNU TVPM

**ഹോക്കി**

ഏഷ്യൻ ചാമ്പ്യൻസ് വനിതാ ഹോക്കിയിൽ വിജയം കരസ്ഥമാക്കിയ ഇന്ത്യൻ സംഘത്തെ അഭിനന്ദിച്ച് രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ, പ്രധാനമന്ത്രി നരേന്ദ്ര മോദി തുടങ്ങിയവർ. ഇന്ത്യയുടെ ആത്മാഭിമാനം ഉയർത്താൻ ടീമിനായതായി രാഷ്ട്രപതി സമൂഹമാധ്യമ പോസ്റ്റിൽ കുറിച്ചു. ഇന്ത്യൻ ഹോക്കി വനിതാ താരങ്ങൾ കൂടുതൽ ഉയരങ്ങളിലെത്തട്ടെയെന്ന് ഉപരാഷ്ട്രപതി ആശംസിച്ചു. ടൂർണമെൻ്റിലുടനീളം ടീം മികച്ച പ്രകടനം കാഴ്ച വച്ചുവെന്നും അവരുടെ വിജയം നിരവധി കായികതാരങ്ങൾക്ക് പ്രചോദനമാകുമെന്നും പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു. ഇന്നലെ നടന്ന മത്സരത്തിൽ ചൈനയെ ഏകപക്ഷീയമായ ഒരു ഗോളിനാണ് ഇന്ത്യ പരാജയപ്പെടുത്തിയത്.

***********************************

**ബോർഡർ ഗാവസ്കർ**

ഇന്ത്യയും ഓസ്ട്രേലിയയും തമ്മിലുള്ള ബോർഡർ-ഗവാസ്കർ ട്രോഫി ക്രിക്കറ്റിന് നാളെ ഓസ്ട്രേലിയയിലെ പെർത്തിൽ തുടക്കമാകും. ഇന്ത്യൻ സമയം രാവിലെ 7:50-നാണ് മത്സരം. അടുത്ത വർഷം ജനുവരി 7 വരെയാണ് ടെസ്റ്റ്. ഇന്ത്യൻ ടീം ആതിഥേയരുമായി അഞ്ച് ടെസ്റ്റ് മത്സരങ്ങൾ കളിക്കും. ഇന്ത്യൻ ക്യാപ്റ്റന് രോഹിത് ശർമ്മ ആദ്യ ടെസ്റ്റിൽ കളിക്കില്ല.

*******************************************************************

***********************************

RNU TVPM